വിരുതു തെററിക്കുന്ന മിസ്രയീം

MGM Ministries _ Article Source: *Malabar Gospel Messenger, Oct 11, 1993, Vol. III, No. 40(119), Page 2*

ദൈവത്തിന്റെ അമാനുഷികതയുടെ മകുടോദാഹരണത്തിൽ ഒന്നാണ് തന്റെ ആത്മാവിനാൽ താൻ തന്റെ വചനം മാനവ സമൂഹത്തിനുവേണ്ടി എഴുതി ഒരുക്കിയപ്പോൾ, അതിൽ തന്റെ ഉത്തമ വിശുദ്ധന്മാരുടെ ജീവിതത്തിൽ വന്ന അനേകം പാകപ്പിഴകൾ കൂടി കൂട്ടിച്ചേർത്തത്. പിൻതലമുറ ഈ വചനം മുഖാന്തിരം ബുദ്ധ്യുപദേശം പ്രാപിക്കേണ്ടതിനും ജീവിത പന്ഥാവിലെ അനേക 'കെണി' കളെ ദൂരവെ മനസ്സിലാക്കി അവയെ ഒഴിഞ്ഞിരിക്കേണ്ടതിനും വേണ്ടിയാണ് താൻ ഇവയെക്കൂടി തന്റെ തിരുവചനത്തിൽ കൂട്ടിച്ചേർത്തത്. വിശ്വാസികളുടെ പിതാവായ "ദൈവത്തിന്റെ സ്നേഹിതനായ" അബ്രഹാമിന്റെ ജീവിതത്തെ പരിശുദ്ധാത്മാവ് ചിത്രീകരിക്കുമ്പോൾ തന്റെ ജീവിതത്തിൽ വന്ന ചില പ്രമാദങ്ങളെ എടുത്തു കാണിക്കുന്നത് വളരെ ശ്രദ്ധേയമാണ്.

ഉൽപത്തി 12:10 മുതൽ വായിക്കുമ്പോൾ അബ്രഹാമിന് നേരിട്ട ഒരു പ്രത്യേക സംഭവം അവിടെ എടുത്തു പറഞ്ഞിട്ടുണ്ട്. വിശ്വാസത്താൽ കൽദയ ദേശത്തുനിന്നും പുറപ്പെട്ടവൻ, എവിടെ പോകുന്നു എന്നറിയാതെ ദൈവശബ്ദം കേട്ട് ഇറങ്ങിത്തിരിച്ചവൻ, ജീവിതത്തിൽ ഭൗതികമായ ഞെരുക്കത്തിന്റെ സമയത്ത് സ്വയബുദ്ധിയിൽ ആശ്രയിച്ച് മിസ്രയീമിലേയ്ക്ക് ഇറങ്ങിപ്പോകുന്നതായിട്ട് നാം കാണുന്നു. മിസ്രയീമിൽ എത്ര ധനമുണ്ടെങ്കിലും വിശ്വാസ യാത്രക്കാരനെ സംബന്ധിച്ചിടത്തോളം അത് അടിമ വീടാണ്. ദൈവ സാന്നിദ്ധ്യത്തിൽ നിന്നും അത് അവനെ അകററുന്നതാണ്.

മിസ്രയീമിലേയ്ക്ക് പോയ അബ്രഹാമിന്റെ ജീവിതത്തിൽ സംഭവിച്ച ചില കാര്യങ്ങളെ കുറിച്ച് ചിന്തിക്കുന്നത് നന്നായിരിക്കും.

1. ദൈവീക ആരാധന അവന് നഷ്ടമായി:

അബ്രഹാമിനു സംഭവിച്ച ഏററവും വലിയ നഷ്ടം താൻ സേവിച്ച് ആരാധിച്ചു പോന്ന ദൈവവുമായി തനിക്കുണ്ടായിരുന്ന ബന്ധം മിസ്രയീമിൽ വച്ച് നഷ്ടപ്പെട്ടു എന്നതാണ്. താൻ ചെല്ലുന്നിടത്തെല്ലാം യാഗപീഠം പണിയുന്നതിൽ അതീവ ശ്രദ്ധാലു ആയിരുന്ന അബ്രഹാം മിസ്രയീമിൽ മാത്രം അപ്രകാരം ചെയ്തതായി നാം കാണുന്നില്ല. ഭൗതികത്തിനുവേണ്ടിയുള്ള പരക്കം പാച്ചിലിൽ ഇന്ന് അനേക ക്രിസ്തീയ സ്നേഹിതന്മാർക്കും പററിയ ഏററവും വലിയ പരാജയം അവർ ദൈവവുമായുള്ള ബന്ധം വേർപെടുത്തുന്നു എന്നുള്ളതാണ്. ആരാധനയ്ക്കുള്ള സമയം മററു പലതും കവർന്നെടുക്കുന്ന അനുഭവം ഇന്ന് അനേക "ക്രിസ്തീയ" ഭവനങ്ങളുടെ പ്രത്യേകതയാണ്. ഭൗതിക നന്മകൾക്കുവേണ്ടി പരക്കം പാഞ്ഞ് നടക്കുന്ന ക്രൈസ്തവ സ്നേഹിതരേ, നിങ്ങൾ നിങ്ങളുടെ ദൈവവുമായി നിങ്ങളെ വേർപെടുത്തുന്ന ഒന്നിനും സ്ഥാനം കൊടുക്കരുതേ. മിസ്രയീമ്യ അനുഭവത്തിൽനിന്റെ "ക്ഷാമ" ത്തിനു പരിഹാരം ഉണ്ടെന്നു തോന്നിയാലും, [illegible] ദൈവശബ്ദം കേട്ട അബ്രഹാമേ, നിനക്ക് നല്ലത് നിന്റെ ദൈവത്തോടു കൂടിയുള്ള "അല്പം" ആണ്— ക്ഷാമത്തിൽ നിന്നെ ക്ഷേമത്തോടെ പുലർത്തുവാൻ അവൻ വിശ്വസ്തനാണ്.

2. കുടുംബ ബന്ധം ശിഥിലമായി:

തന്റെ ജീവിത യാത്രയിൽ തനിക്കു തുണയായി ദൈവം കൊടുത്ത തന്റെ പ്രിയപ്പെട്ട ഭാര്യയുമായി അബ്രഹാം താൽക്കാലികമായി എങ്കിലും പിരിയേണ്ടതായി വരുന്നു; ഭാര്യയെ ദൈവീകപ്രമാണത്തിനും വിരോധമായി ഫറവോന്റെ കൊട്ടാരത്തിലേയ്ക്കു പറഞ്ഞു വിടേണ്ടതായി വരുന്നു. ഇന്ന് അനേകരുടെ ജീവിതത്തിൽ വന്നു കൂടിയ വലിയ ഒരബദ്ധം ആണിത്— കുടുംബ ബന്ധത്തിന് സ്ഥാനമില്ലായ്മ, ലൗകിക സ്ഥാനങ്ങൾക്കും, ഭൗതിക നന്മകൾക്കും വേണ്ടിയുള്ള യത്നത്തിനിടയിൽ കുടുംബജീവിതത്തിന് എന്തു സ്ഥാനം? ഇങ്ങനെയുള്ളവർ തങ്ങൾക്കു മാത്രമല്ല, തങ്ങളുടെ ഭാവി തലമുറകൾക്കുകൂടി അപകടം വരുത്തിവയ്ക്കുകയാണ് എന്ന് ഓർത്തിരുന്നെങ്കിൽ!

3. സുരക്ഷിതത്വം നഷ്ടമായി:

"ഞാൻ നിന്റെ പരിചയാണ്" എന്ന് സർവ്വശക്തനായ ദൈവം വാഗ്ദത്തം ചെയ്തിരിക്കെ, മിസ്രയീമിൽ ചെന്ന അബ്രഹാമിന് മരണഭയം നേരിട്ടതായി നാം കാണുന്നു. (ഉൽപത്തി 12:12) അനേകം ദൈവീക വാഗ്ദത്തങ്ങളുടെ അവകാശി ആകേണ്ടവൻ, "കാണിപ്പാനിരിക്കുന്ന ദേശം" തേടി പുറപ്പെട്ടവൻ, ദൈവീക ദൈവസത്യത്തിന്റെ കാവലുള്ളവൻ, മിസ്രയീമിൽ ചെന്ന് തന്റെ വിശപ്പടക്കുവാൻ ശ്രമിച്ചതിനാൽ ഭയമുള്ളവനായിത്തീരുന്നു. ദൈവപൈതലേ, ക്രിസ്തുവിൽ ആയിരിക്കുന്നേടത്തോളം നീ ഭദ്രമാണ്. എന്നാൽ ദൈവീക പദ്ധതിക്കു പുറത്തു പോകുന്ന സമയം മുതൽ നീ മരണഭയം ഉള്ളവനായിരിക്കും. ഇന്ന് ജീവിതങ്ങളിലെ ഭയത്തിന് പരിഹാരം, "നാളെ എനിക്ക് എന്തു സംഭവിക്കും" എന്നുള്ള വലിയ ആശങ്കയ്ക്കു പരിഹാരം, ജീവിതങ്ങളിൽ സമാധാനവും ആശ്വാസവും സുരക്ഷിതത്വവും പ്രദാനം ചെയ്യുന്ന ദൈവത്തിങ്കലേയ്ക്കു മടങ്ങിവരിക എന്നതു മാത്രമാണ്.

ഡോ: ജോളി മാത്യു

4. അബ്രഹാം ശാപകാരണമായിത്തീരുന്നു:

"നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" എന്ന ദൈവ വാഗ്ദത്തം ഏററുവാങ്ങിയ അബ്രഹാം മിസ്രയീമിൽ പോയതിനാൽ താൻ ഫറവോനും കുടുംബത്തിനും ശാപകാരണമായിത്തീരുന്നു! (ഉൽപ 12:7) എത്രയോ ശോചനീയമായ അവസ്ഥ!! ദൈവീക ആരാധന നഷ്ടപ്പെട്ടവൻ, ദൈവീക ആലോചനയിൽ നിന്നും അകന്നു പോയവൻ മററുള്ളവർക്ക് അനുഗ്രഹമായിത്തീരുക അസാദ്ധ്യമാണ്. ക്രിസ്തുവിന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന വിശ്വാസിയേ, ക്രിസ്തുവിന്റെ വാസനയായി ലോകത്തിൽ ആയിരിക്കേണ്ട നീ— ക്രിസ്തുവിന്റെ തേജസ്സിനെ കണ്ണാടി പോലെ പ്രതിബിംബിപ്പിക്കേണ്ട നീ— അനേക അന്ധത പിടിച്ച സ്ഥാനങ്ങളിൽ വെളിച്ചമായിത്തീരേണ്ട നീ— ഇന്ന് മററുള്ളവർക്ക് നീ ഒരു അനുഗ്രഹമാണോ? അതോ, ശാപകാരണമാണോ?

5. കള്ളം പറയുന്ന അബ്രഹാം (ഉൽപ: 12:13, 18, 19)

സത്യ ദൈവത്തെ സത്യാത്മാവിൽ ആരാധിക്കുന്നതിനുവേണ്ടി വിളിച്ചു വേർതിരിക്കപ്പെട്ട അബ്രഹാം തന്റെ ജീവിതത്തിൽ നേരിട്ട പ്രശ്നങ്ങളെ സ്വയമായി കൈകാര്യം ചെയ്യാൻ ശ്രമിച്ചതിനാൽ, അവൻ പ്രശ്നപരിഹാരം നടത്തുന്നില്ല എന്നുതന്നെയല്ല, താൽക്കാലിക കാര്യസാദ്ധ്യത്തിനായി പാപം ചെയ്യുന്നവനായിത്തീരുന്നു. സ്വയ മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ട് അവൻ തന്നോടുതന്നെ കുററം ചെയ്യുന്നവനായിത്തീരുന്നു.

6. അബ്രഹാം പ്രതിഫലം വാങ്ങുന്നു:

"ഞാൻ നിന്റെ അതിമഹത്തായ പ്രതിഫലം ആയിരിക്കും" എന്ന് ദൈവീക അരുളപ്പാട് പ്രാപിച്ച വിശ്വാസികളുടെ പിതാവ്, സോദോം രാജാവിനോട്, "ഞാൻ ചരടാകട്ടെ, ചെരിപ്പുവാറാകട്ടെ എടുക്കുകയില്ല" എന്ന് ധൈര്യത്തോടെ പ്രസ്താവിച്ചവൻ, അടിമ വീട്ടിലെ പ്രതിഫലം വാങ്ങുവാൻ തയ്യാറായി എന്നത് എത്രയോ പരിതാപകരമാണ്! വലിയവനായ ദൈവത്തിലുള്ള തന്റെ ആശ്രയം കുറഞ്ഞതല്ലേ അതിനു കാരണം?

ദൈവത്തിനുവേണ്ടി ശ്രേഷ്ഠ കാര്യങ്ങൾ ചെയ്തിട്ടുള്ള വിശുദ്ധന്മാരേ, അവന്റെ സേനയിൽ യുദ്ധം ചെയ്തിട്ടുള്ള വീരന്മാരേ, ലൗകിക സുഖങ്ങൾ നിങ്ങളുടെ വിരുത് തെററിച്ചു കളയുവാൻ ഇടയാകരുതേ. മണ്ണിനു വേണ്ടി മാണിക്യത്തെ വെച്ചുമാററരുതേ.

7. അബ്രഹാം ഹാഗറിനെ കൂടെ കൊണ്ടുപോകുന്നു:

സാറായ്ക്ക് ഹാഗാർ എന്ന ഒരു മിസ്രയീമ്യ ദാസി ഉണ്ടായിരുന്നതായി നാം വായിക്കുന്നു. (ഉൽപ 16: 2) വാഗ്ദത്തകനാൻ ലക്ഷ്യമാക്കി പുറപ്പെട്ട അബ്രഹാമിന്റെ വിശ്വാസയാത്രയിൽ ഈ മിസ്രയീമ്യദാസി എവിടെനിന്നു വന്നുകൂടി? അതെ, അതും അബ്രഹാമിന്റെ മിസ്രയീമ്യ യാത്രയുടെ ഒരു പരിണിതഫലമാണ്. അവളിൽ യിശ്മായേൽ ജനിക്കുവാൻ ഇടയായതും, "യിശ്മായേല്യർ" ഇന്നും "വാഗ്ദത്ത സന്തതിക്ക്" എതിരായുള്ള ഏററവും വലിയ പോരാട്ടമായി അവശേഷിക്കുന്നതും നാം മനസ്സിലാക്കുമ്പോൾ, അബ്രഹാമിന്റെ ജീവിതത്തിലെ ഒരു "ചെറിയ പിഴററ"ത്തിന്റെ വലിയ ദോഷഫലങ്ങൾ എത്രമാത്രമെന്ന് നമുക്ക് അറിയുവാൻ കഴിയുന്നു.

ദൈവവുമായി നിരന്തര സമ്പർക്കം പുലർത്തിയ അബ്രഹാമിന്റെ ജീവിതത്തിൽ ഇപ്രകാരം ഒരു കറുത്ത കാലഘട്ടം നേരിട്ടെങ്കിൽ, ദൈവപൈതലേ, അബ്രഹാമിന്റെ വിശ്വാസത്തിന്റെ ഒരു ചെറിയ അംശം മാത്രമുള്ള എന്റെയും നിന്റെയും ജീവിതത്തിൽ ഇത് സംഭവിക്കുക എത്രയോ എളുപ്പമാണ്. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ മാത്രം നോക്കുക. (എബ്രാ 12:2) ലക്ഷ്യം തെററി ഓടുവാൻ നമുക്ക് ഒരിക്കലും ഇടയാകരുത്.

എന്നാൽ, അബ്രഹാം തന്റെ ജീവിതത്തിൽ വന്ന തെററിനെ മനസ്സിലാക്കി മിസ്രയീമിൽനിന്നും തിരികെ വരുന്നതായി നാം കാണുന്നു. (ഉൽപ. 13: 1—4) തന്റെ ജീവിതത്തിൽ വന്ന വലിയ തെററിനെക്കുറിച്ച് താൻ ബോധവാനായപ്പോൾ, താൻ മിസ്രയീമിലേയ്ക്ക് പോകുന്നതിനു മുമ്പ് എവിടെയായിരുന്നോ, അവിടേയ്ക്കു തന്നെ മടങ്ങിവരുവാൻ തീരുമാനിച്ചു എന്നത് അബ്രഹാമിന്റെ ജീവിതത്തിൽ വീണ്ടും വിജയത്തിന്റെ ആരംഭം കുറിക്കുന്ന സംഭവമായിരുന്നു. മടങ്ങി വന്ന അബ്രഹാം ആദ്യമായി ചെയ്തത് തന്റെ ജീവിതത്തിൽ മുടങ്ങിപ്പോയ ആരാധന പുനഃസ്ഥാപിക്കുക എന്നതായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ദൈവ പൈതലേ, ജീവിതത്തിൽ വന്നു പോയ പാകപ്പിഴകളെ മനസ്സിലാക്കി, അവയെ ഉപേക്ഷിച്ച് ദൈവവുമായി നിരപ്പു പ്രാപിച്ചാൽ നീ വീണ്ടും ദൈവീക വാഗ്ദത്തങ്ങൾക്ക് അവകാശിയായി തുടരും എന്നത് വിശ്വാസ ജീവിതത്തിന്റെ പ്രത്യേകതയാണ്. നഷ്ടപ്പെട്ടുപോയ ആരാധനയിലേയ്ക്കും, ആത്മിക ശക്തിയിലേയ്ക്കും, ശ്രേഷ്ഠമായ അനുഭവങ്ങളിലേയ്ക്കും നമുക്കു മടങ്ങിവരാം. ലോകസുഖത്തിനുവേണ്ടി സ്വർഗ്ഗീയ അനുഗ്രഹങ്ങളെ നമുക്ക് ഉപേക്ഷിക്കാൻ കഴിയുമോ? അനേക വിശ്വാസവീരന്മാരെ വഞ്ചിച്ച ലോകം നമ്മെയും വഞ്ചിക്കാൻ നാം ഇട കൊടുക്കരുത്.